**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1691** | **28-07-2021 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി പോളിടെക്നിക്കിനായി ഗ്രാമ പഞ്ചായത്ത് ഏറ്റെടുത്ത സ്ഥലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി ഗവ.പോളിടെക്നിക് കോളേജിനായി കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത് ഏറ്റെടുത്ത ഭൂമിയിൽ നിന്നും അധികമുള്ള സ്ഥലം വിവിധ സർക്കാർ സ്ഥാപനങ്ങൾക്കായി അനുവദിച്ച് നൽകുന്നതിന് 6/5/2021-ന് രേഖകൾ സഹിതമുള്ള പ്രോപ്പോസൽ കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നൽകിയിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) | കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 6.5.2021ന്റെ പ്രൊപ്പോസൽ ലഭിച്ചിട്ടില്ല. കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയിരുന്ന സ്കെച്ചിൽ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥലത്തിന്റെ ആകെ വിസ്തീർണ്ണവും വിവിധ സ്ഥാപനങ്ങൾക്ക് അനുവദിച്ചിരിക്കുന്ന സ്ഥലത്തിന്റെ ആകെ വിസ്തീർണ്ണവും ഗ്രാമ പഞ്ചായത്ത് തീരുമാനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ആകെ വിസ്തീർണ്ണവും വ്യത്യസ്തമായതിനാൽ ടി പിശക് തിരുത്തി സ്ഥലത്തിന്റെ ആകെ വിസ്തീർണ്ണം സംബന്ധിച്ച അവ്യക്തത നീക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കുന്നതിനും വിവിധ സർക്കാർ സ്ഥാപനങ്ങൾക്ക് വിട്ടു നല്കുന്ന സ്ഥലത്തിന്റെ വിശദാംശങ്ങൾ കൃത്യമായി സൂചിപ്പിക്കുന്ന വിവരങ്ങൾ സഹിതം പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നല്കിയിരുന്നെങ്കിലും സ്ഥലത്തിന്റെ വിസ്തീർണ്ണം കൃത്യമായി രേഖപ്പെടുത്തിയ കളർ പ്രിന്റിലുള്ള സർവ്വേ സ്കെച്ച് വൈക്കം താലൂക്ക് സർവ്വേയർ തയ്യാറാക്കി നൽകുന്നതിലുള്ള കാലതാമസം കാരണമാണ് പ്രൊപ്പോസൽ സമർപ്പിക്കാൻ സാധിക്കാത്തതെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| (ബി) | ഈ പ്രൊപ്പോസൽ നൽകാത്തതു കാരണം ഫയലിൽ തീരുമാനമെടുക്കുവാൻ വർഷങ്ങളായി ഉണ്ടായിരിക്കുന്ന കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; പ്രസ്തുത കാലതാമസം വകുപ്പിലെ ആരുടെ ഭാഗത്തു നിന്നുള്ളതാണെന്ന് വ്യക്തമാക്കാമോ; | (ബി) | കടുത്തുരുത്തി ഗവ.പോളിടെക്നിക് കോളേജിനായി കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത ഭൂമിയിൽ നിന്നും അധികമുള്ള സ്ഥലം വിവിധ സർക്കാർ സ്ഥാപനങ്ങൾക്കായി അനുവദിച്ച് നൽകുന്ന വിഷയത്തിൽ, സ്ഥലത്തിന്റെ ആകെ വിസ്തീർണ്ണവും വിവിധ സ്ഥാപനങ്ങൾക്ക് അനുവദിക്കേണ്ട സ്ഥലത്തിന്റെ വിസ്തീർണ്ണവുമായുള്ള പൊരുത്തക്കേടുകൾ ഉൾപ്പെടെയുള്ളവ പരിഹരിച്ച് സർക്കാരിൽ പ്രൊപ്പോസൽ |

| | | | |
|---|---|---|---|
| | | | സമർപ്പിക്കാത്തതിനാലാണ് ഫയലിൽ കാലതാമസം നേരിടുന്നത്. ഈ വിഷയത്തിൽ സത്വര നടപടി സ്വീകരിച്ച് അടിയന്തിരമായി പ്രൊപ്പോസൽ ലഭ്യമാക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | 2017-ൽ തുടങ്ങിയ ഫയലിലെ കാലതാമസം ഒഴിവാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (സി) | കടുത്തുരുത്തി ഗവ.പോളിടെക്നിക് കോളേജിനായി കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത ഭൂമിയിൽ നിന്നും അധികമുള്ള സ്ഥലം വിവിധ സർക്കാർ സ്ഥാപനങ്ങൾക്കായി അനുവദിച്ചു നൽകുന്ന വിഷയത്തിൽ, സ്ഥലത്തിന്റെ ആകെ വിസ്തീർണ്ണവും വിവിധ സ്ഥാപനങ്ങൾക്ക് അനുവദിക്കേണ്ട സ്ഥലത്തിന്റെ വിസ്തീർണ്ണവുമായുള്ള പൊരുത്തക്കേടുകൾ ഉൾപ്പെടെയുള്ളവ പരിഹരിച്ച് സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിക്കാത്തതിനാലാണ് ഫയലിൽ കാലതാമസം നേരിടുന്നത്. ഈ വിഷയത്തിൽ സത്വര നടപടി സ്വീകരിച്ച് അടിയന്തിരമായി പ്രൊപ്പോസൽ ലഭ്യമാക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ